ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.08.2025** | **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കർഷകരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു പ്രധാനമന്ത്രി കൈമാറി.

   **Prime Minister Narendra Modi said that the Union government is giving top priority to the welfare of farmers. The Prime Minister handed over the 20th installment of the PM Kisan Samman Nidhi.**

2. മലയാള സിനിമ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുന്നതിന് കേരള ഫിലിം പോളിസി കോൺക്ലേവ് സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that the Kerala Film Policy Conclave will help in modernizing the Malayalam film sector.**

3. ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾക്ക് എൻ ഐ എ കോടതി ജാമ്യം അനുവദിച്ചു.

   **NIA court grants bail to Malayali nuns arrested in Chhattisgarh.**

4. രാജ്യത്ത് യുപിഐ പണമിടപാടുകളിൽ റെക്കോർഡ് വർധന.

   **UPI transactions in the country sets a record in transaction.**

5. കേരളത്തിൽ വീണ്ടും മഴ ശക്തി പ്രാപിക്കുന്നു. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

Rains are intensifying again in Kerala. Yellow alert in four districts today.

6. മക്കാവു ഓപ്പൺ ബാഡ്മിന്റൺ സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യസെന്ന് മത്സരിക്കുന്നു.

In Macau Open Badminton, Indian shuttler Lakshya Sen is in action in the semifinal match.

******************

## PM-KISSAN (INTRO)

കർഷകരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡു വാരാണസിയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെ ഉന്നമനത്തിനായി സർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും അവയെല്ലാം യാതൊരു തടസവുമില്ലാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ആം ഗഡുവിലൂടെ 9.7 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 20,500 കോടിയിലേറെ രൂപയാണ് കൈമാറുക. 2,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. ജൽ ജീവൻ ദൗത്യത്തിലൂടെ ആവിഷ്കരിച്ച 47 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിച്ചു.

**************************

## SHIVARAJ SINGH CHOWHAN

കർഷകരുടെ താത്പര്യങ്ങൾക്കെതിരായി രാജ്യം ഒരു കരാറിലും ഏർപ്പെടില്ലെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പിഎം കിസാൻ പദ്ധതിയുടെ ഗഡു വിതരണവുമായി ബന്ധപ്പെട്ട് ബിഹാറിലെ പട്നയിൽ നടന്ന പരിപാടിയെ

അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകർക്ക് വിപണയിൽ ലാഭമുണ്ടാക്കുന്ന തരത്തിൽ പദ്ധതികളിൽ കാലോചിതമായ മാറ്റം കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**************************

## INDIA - UN PROJECTS

ഇന്ത്യ-യുഎൻ ഗ്ലോബൽ കപ്പാസിറ്റി ബിൽഡിംഗ് ഇനിഷ്യേറ്റീവിന്" കീഴിൽ നാല് വികസന പദ്ധതികളുടെ ആദ്യ ഘട്ടത്തിന് ഇന്ത്യ തുടക്കം കുറിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ആഗോള ദക്ഷിണേഷ്യൻ രാജ്യങ്ങളെ പിന്തുണയ്ക്കുക എന്നതാണ് ലക്ഷ്യം. ആദ്യ ഘട്ടത്തിൽ, ആഗോള ഭക്ഷ്യ പദ്ധതിയുടെ സഹായത്തോടെ നേപ്പാളിൽ അരി വിതരണം നടത്തുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പിന്തുണ നൽകുക, യുനെസ്കോ പിന്തുണയോടെ ദക്ഷിണ സുഡാനിൽ തൊഴിൽ പരിശീലനം നൽകുക തുടങ്ങിയ വിവിധ പരിപാടികളാണ് നടത്തുക.

**************************

## NHRC - CASTE-INDICATIVE NAMES

ജാതീയമായ വേർതിരിവ് സൃഷ്ടിക്കുന്ന തരത്തിൽ ഉള്ള ഗ്രാമങ്ങളുടെയും സ്ഥലങ്ങലളുടെയും പേരുകൾ ഒഴിവാക്കുന്നതിന് നടപടിയെടുക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. ഭരണഘടനാ മൂല്യങ്ങളായ സമത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള സുപ്രധാന നീക്കമാന് ഇത്. ഇത്തരം പേരുകൾ ഉപയോഗിക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നൽകാൻ കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും തപാൽ, നഗരവികസന, പഞ്ചായത്തിരാജ് വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക് നോട്ടീസ് അയച്ചു. കേരളം, ഒഡീഷ, മഹാരാഷ്ട്ര, കർണാടക, ഡൽഹി, പഞ്ചാബ്, തുടങ്ങിയ

സംസ്ഥാനങ്ങൾ ഇതിനകം ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**************************

## CM - FILM CONCLAVE (INTRO)

മലയാള സിനിമ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നതിന് കേരള ഫിലിം പോളിസി കോൺക്ലേവ് സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിനിമാ നയ രൂപീകരണത്തിനായുള്ള കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

(വോയിസ്)

കേരളത്തിൻറെ സാമൂഹിക പുരോഗതിയ്ക്ക് സാംസ്കാരിക ഊർജം പകരുന്നതിൽ മലയാള സിനിമ വലിയ സംഭാവനകൾ നൽകിയതായി മുഖ്യമന്ത്രി പറഞ്ഞു. മന്ത്രിമാരായ സജി ചെറിയാൻ, വി ശിവൻകുട്ടി, ചലച്ചിത്ര താരങ്ങളായ മോഹൻ ലാൽ, സുഹാസിനി, ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന കേരള ഫിലിം പോളിസി കോൺക്ലേവിൽ ഒൻപത് വിവിധ വിഷയങ്ങളിലായുള്ള പാനൽ ചർച്ചകൾ നടക്കും. കോൺക്ലേവിൽ രൂപീകരിക്കുന്ന സിനിമാ നയം സർക്കാരിന് സമർപ്പിക്കും.

**************************

## MORN. KULGAM -ENCOUNTER

ജമ്മു കശ്മീരിൽ, കുൽഗാം ജില്ലയിൽ ഇന്ന് രാവിലെ സുരക്ഷാ സേനയുമായി നടന്ന ഏറ്റുമുട്ടലിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു. പ്രദേശത്ത് തീവ്രവാദികളുടെ സാന്നിധ്യം സംബന്ധിച്ച് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് ഇന്നലെ വൈകുന്നേരം സൈന്യവും ജമ്മു കശ്മീർ പോലീസും സിആർപിഎഫും

സംയുക്തമായി നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

***************************

## AMRIT UDYAN-OPEN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനത്തിൽ ഈ മാസം 16 മുതൽ അടുത്ത മാസം 14 വരെ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു. രാവിലെ 10:00 മുതൽ വൈകുന്നേരം 6:00 വരെയാണ് പ്രവേശനം. തിങ്കളാഴ്ചകളിൽ പ്രവേശനം ഉണ്ടാകില്ല.

സന്ദർശകർക്ക് visit.rashtrapatibhavan.gov.in എന്ന വെബ്സൈറ്റ് വിലാസത്തിലൂടെ ഓൺലൈനായും, രാഷ്ട്രപതിഭവന്റെ ഗേറ്റ് നമ്പർ 35 ന് സമീപമുള്ള ബുക്കിങ് സംവിധാനം വഴി നേരിട്ടും ടിക്കറ്റുകൾ ബുക്ക് ചെയ്യാം. പ്രവേശനം സൗജന്യമാണ്.

***************************

## UPI RECORD

രാജ്യത്ത് യുപിഐ പണമിടപാടുകളിൽ റെക്കോർഡ് വർധന.¬ കഴിഞ്ഞ മാസം യുപിഐ- യിലൂടെ 1,947 കോടി ഇടപാടുകൾ നടത്തി. 25.1 ലക്ഷം കോടി രൂപക്ക് തുല്യമായ ഇടപാടുകളാണ് നടന്നത്. യുപിഐ പ്ലാറ്റ്ഫോമിൽ ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന പ്രതിമാസ ഇടപാടാണ് ഇത്.

***************************

## RS RAIL

രാജ്യത്തെ 73 പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ തിരക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സ്റ്റേഷൻ ഡയറക്ടർക്ക് അധികാരം നൽകുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. സ്റ്റേഷനുകൾക്ക് പുറത്ത്, വിശാലമായ

മേൽപ്പാലങ്ങളും സ്ഥിരം ഹോൾഡിംഗ് ഏരിയകളും സൃഷ്ടിക്കുന്നതിലൂടെ തിരക്ക് നിയന്ത്രിക്കാനാകുമെന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ, അദ്ദേഹം അറിയിച്ചു.

****************************

## CHHATTISGARH - NUN

ഛത്തീസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകൾക്ക് ജാമ്യം അനുവദിച്ചു. എൻ ഐ എ കോടതിയുടേതാണ് വിധി. പ്രത്യേക ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജാമ്യ ഹർജിയിൽ എൻഐഎ കോടതി ഇന്നലെ വാദം കേട്ടിരുന്നു.

****************************

## RAIN-KERALA (INTRO)

കേരളത്തിൽ ഇന്ന് മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ എം സ്മിതി...**
**(വോയിസ്)**

****************************

## IMD

രാജ്യത്ത് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അസം, മേഘാലയ, പശ്ചിമ ബംഗാൾ, സിക്കിം സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിൽ ചുവപ്പ് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്. ഡൽഹി, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രണ്ട് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്.

***************************

## MACAU OPEN

മക്കാവു ഓപ്പൺ ബാഡ്മിൻറൺ സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യസെൻ ഇന്തോനേഷ്യൻ താരത്തോട് ഏറ്റുമുട്ടുന്നു. അതേസമയം, മറ്റൊരു സെമിയിൽ ഇന്ത്യൻ താരം തരുൺ മന്നേപ്പള്ളി മലേഷ്യൻ താരത്തോട് പരാജയപ്പെട്ടു. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായ് രാജ് രംഗിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിൽ മലേഷ്യൻ സഖ്യത്തോട് പരാജയപ്പെട്ടു.

***************************

## CRICKET- IND-ENG TEST

ലണ്ടനിലെ ഓവലിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ അഞ്ചാം ടെസ്റ്റിന്റെ, മൂന്നാം ദിനമായ ഇന്ന് ഇന്ത്യ ആതിഥേയരായ ഇംഗ്ലണ്ടിനെതിരെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനഃരാരംഭിക്കും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:30 ന് മത്സരം ആരംഭിക്കും. ഇന്നലെ കളി നിർത്തുമ്പോൾ, ഇന്ത്യ 52 റൺസിന്റെ ലീഡുമായി രണ്ട് വിക്കറ്റിന് 75 റൺസ് എന്ന നിലയിലാണ്.

***************************

## AT HOME RECEPTION

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ നടക്കാനിരിക്കുന്ന അറ്റ് ഹോം റിസെപ്ഷൻ" പരിപാടിയിൽ പങ്കെടുക്കുന്നതിനായുള്ള ഔദ്യോഗിക ക്ഷണക്കത്ത് ഇന്ത്യൻ തപാൽ വകുപ്പ് ലക്ഷദ്വീപിലെ മുതിർന്ന നേഴ്സായ ഹിന്ദുംബിയുടെ കവരത്തി ദ്വീപിലെ വീട്ടിൽ എത്തി കൈമാറി. 2022-2023 National Florance Nightingele അവാർഡ് ജേതാവ് കുടിയായ നേഴ്സ് ഹിന്ദുംബിയുടെ സുദീർഘമായ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മൻ കി ബാത്തിൽ പ്രശംസിച്ചിരുന്നു.

****************************

# EARTHQUAKE- KURIL ISLANDS

റഷ്യയിലെ കൂറിൽ ദ്വീപുകളുടെ കിഴക്ക് ഭാഗത്ത് ഇന്നലെ രാത്രി 6.2 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായി. ഇന്ത്യൻ സമയം 11:50 ന് 32 കിലോമീറ്റർ താഴ്ചയിലാണ് ഭൂകമ്പം ഉണ്ടായത്. കഴിഞ്ഞ ദിവസം ഉണ്ടായ 8.8 തീവ്രതയുള്ള ഭൂകമ്പത്തിനു ശേഷം റഷ്യയ്ക്ക് സമീപം 125 തുടർചലനങ്ങൾ ഉണ്ടായിട്ടുണ്ട്.

*

***************

***************************************